**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **12-09-2023 - ൽ മറുപടിയ്ക്ക്**

**ജൈവമാലിന്യ നിർമ്മാർജനത്തിൽ എം.പി.ഐ.യുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ജൈവ മാലിന്യത്തിൽ നിന്നും പെറ്റ് ഫുഡ്, വളം എന്നിവ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ (എം.പി.ഐ.)യ്ക്ക് സ്വായത്തമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജൈവമാലിന്യത്തിൽനിന്ന് പെറ്റ്ഫുഡ്, വളം എന്നിവ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ എം.പി.ഐ. രൂപകൽപന ചെയ്തിട്ടുണ്ട്. പ്രധാനമായും അറവറുമാലിന്യങ്ങളും മറ്റു ദ്രവ്യങ്ങളും അസംസ്കൃതവസ്തുവാക്കി ആധുനിക ടെക്നോളജി ഉപയോഗിച്ചാണ് പെറ്റ്ഫുഡ്, വളം എന്നിവ സംസ്കരിക്കുന്നത്. 2023-24 സാമ്പത്തികവർഷത്തേക്ക് രണ്ട് പെറ്റ്ഫുഡ് ഫാക്ടറികൾ കാസർഗോഡും, കൊല്ലത്തെ പുനലൂരും സ്ഥാപിക്കാൻ ആദ്യഗഡുവായി 4 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കാനുള്ള പ്രോജക്ട് റിപ്പോർട്ട്, പ്രൈസ് സോഫ്റ്റ്വെയറിലുള്ള എസ്റ്റിമേറ്റ് എൻജിനീയറിങ്ങ് ഡ്രോയിങ്ങ് ഇവ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ജൈവമാലിന്യ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഈ സാങ്കേതികവിദ്യ സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | എം.പി.ഐയുടെ ഇത്തരം ഫാക്ടറികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്ന സാഹചര്യത്തിൽ അറവുമാലിന്യങ്ങൾ പരമാവധി സംസ്കരിച്ച് ഉപഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻ ഒരളവുവരെ സാധിക്കും. |
| (സി) | സംസ്ഥാനത്തെ ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ എം.പി.ഐ.യ്ക്കുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | എം.പി.ഐ. ആസ്ഥാനത്തുള്ള നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച ആധുനിക അബറ്റയറിന്റെ ഭാഗമായി ഇറ്റാലിയൻ ടെക്നോളജി അധിഷ്ഠിതമായ ഒരു അറവുമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു. ഒരു ഷിഫ്റ്റിൽ 12 മെട്രിക് ടൺ മൃഗങ്ങളുടെ അറവുമാലിന്യങ്ങൾ സംസ്കരിച്ച് ഏതാണ്ട് 6 മെട്രിക് ടൺ ബോൺ മീൽ (എല്ലുപൊടി), ബ്ലഡ് മീൽ, ടാലോ എന്നിവ ഉൽപാദിപ്പിക്കാൻ കഴിയും. ഇപ്പോൾ "സമൃദ്ധി" എന്ന പേരിൽ എം.പി.ഐ എല്ലുപൊടി വിപണനം നടത്തുന്നുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | എം.പി.ഐ. യുടെ ഫാക്ടറികൾ ആധുനികവത്കരിച്ച് പ്രവർത്തനശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | **എം.പി.ഐ-യുടെ നിലവിലെ ഫാക്ടറികൾ ആധുനികവൽക്കരിച്ചവയാണ്. ഇവയുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ